**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2927** **12-07-2022 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ മത്സ്യവിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ മത്സ്യവിപണി പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കോവിഡ് മഹാമാരിയും തുടർന്ന് വന്ന ലോക്ക്ഡൗണുകളും തീരദേശ മത്സ്യത്തൊഴിലാളി വനിതകൾ നടത്തി വരുന്ന സാഫ് യൂണിറ്റുകളുടെ സംരംഭങ്ങളെ സാമൂഹികമായും സാമ്പത്തികമായും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട യൂണിറ്റുകളെ സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറ്റുന്നതിന് സാഫ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾ കൂടുതൽ ആശ്രയിച്ചിരുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാഫ് സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിനായി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽ സംവിധാനത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സാഫിലെ 125 യൂണിറ്റുകളെ ആദ്യഘട്ടത്തിൽ വാട്സ് ആപ്, ഫെയ്സ് ബുക്ക് എന്നീ സോഷ്യൽ മീഡിയയിൽ ലിങ്ക് ചെയ്തിട്ടുണ്ട്. തിരഞ്ഞെടുത്ത യൂണിറ്റ്/ഉൽപ്പന്നങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ്, ക്യൂ.ആർ കോഡ് |

എന്നിവ ലഭ്യമാക്കി. ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിലിന് ആവശ്യമായ സ്റ്റാൻഡേർഡ് ക്വാളിറ്റി, പ്രോഡക്ട് സാമ്പിൾ ടെസ്റ്റിംഗ്, പായ്ക്കിംഗ്, പ്രോഡക്ട് ലേബൽ, ഡിസൈൻ, സ്റ്റോറേജ് എന്നിവ ചെയ്ത് വരുന്നു. പ്രൊഡക്ട് പ്രൊമോഷന് ആവശ്യമായ പരസ്യം, ഓൺലൈൻ പോസ്റ്റർ, ഷോർട്ട് വീഡിയോസ് തുടങ്ങിയവ തയ്യാറാക്കി വരുന്നു. ടി സംവിധാനത്തിലെ യൂണിറ്റുകൾക്ക് അനുയോജ്യമായ ഡെലിവറി പാർട്ട്ണർമാരെ ജില്ലകൾ അതാത് പ്രദേശങ്ങളിൽ നിന്നുതന്നെ കണ്ടെത്തുകയും ഉൽപ്പന്നങ്ങൾ ഹോം ഡെലിവറി ചെയ്യുന്നതിന് അവരുമായി ലിങ്കേജ് ഉണ്ടാക്കുകയും ചെയ്ത് വരുന്നു.

തീരമൈത്രി ഓൺലൈൻ മാർക്കറ്റിംഗ് ആന്റ് സെയിൽസ് ആപ് രൂപീകരിച്ച് ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും അടുത്ത ഘട്ടത്തിൽ സാഫ് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ കീഴിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു

മത്സ്യഫെഡ് കേരളത്തിലുടനീളം 113 ഫിഷ് മാർട്ടുകളും ഫ്രാഞ്ചൈസി മാർട്ടുകളും നടത്തി വരുന്നു. ഇതിലൂടെ പൊതുജനങ്ങൾക്ക് ഏറ്റവും ഗുണനിലവാരമുള്ള മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും ന്യായമായ വിലയ്ക്ക് മത്സ്യഫെഡ് നൽകി വരുന്നു. ഇതിന് പുറമെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ മത്സ്യഫെഡ് ഫ്രഷ് ഫിഷ് മീൻ എന്ന പേരിൽ ഒരു ഓൺലൈൻ മത്സ്യ വിപണന പദ്ധതി മത്സ്യഫെഡ് നടത്തി വരുന്നു. ഇതനുസരിച്ച് മത്സ്യഫെഡ് ഫ്രഷ് മീൻ എന്ന വെബ് സൈറ്റിലൂടെയോ, ഇതേ പേരിലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയോ താൽപര്യമുള്ള ഉപഭോക്താക്കൾക്ക് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ മത്സ്യഫെഡിന്റെ മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും ഓൺ ലൈനിലൂടെ വാങ്ങാവുന്നതാണ്. വെബ് സൈറ്റും, മൊബൈൽ ആപ്ലിക്കേഷനും ഉപയോഗിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ടെലഫോൺ മുഖേന ഓർഡറുകൾ നൽകി മത്സ്യം വീട്ടു പടിക്കൽ ലഭ്യമാക്കാവുന്നതാണ്. തിരുവനന്തപുരത്തിനു പുറമേ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലും മത്സ്യഫെഡ് ഓൺലൈൻ

| | | | |
|---|---|---|---|
| | | | വ്യാപാരം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (ബി) | ഇറമുഖങ്ങളിൽ നിന്നും മത്സ്യം വാങ്ങി വിപണിയിൽ എത്തിക്കുന്നതിന് മത്സ്യതൊഴിലാളി സ്ത്രീകൾക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ